


# പ്രണതി

## വി.സി.എസ്.എച്ച്.എസ്.എസ്
## പുത്തൻവേലിക്കര

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# സന്ദേശം

നൂതന സാങ്കേതിക വിദ്യയിലേക്ക് വിദ്യാർത്ഥികളെ കൈപിടിച്ചുയർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിലൂടെ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.ചിട്ടയായ പാഠ്യക്രമം വഴി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സാങ്കേതിക രംഗത്തെ വിവിധമേഖലകളിൽ പ്രാവീണ്യം നേടാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ "പ്രണതി" പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷവും ഒപ്പം അഭിമാനവും അറിയിക്കുന്നു. മാഗസിന്റെ നിർമ്മാണത്തിന് പങ്കാളികളായ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം വഹിച്ച അധ്യാപകർക്കും അനുമോദനങ്ങളും ഒപ്പം ആശംസകളും നേരുന്നു.

പ്രധാന അധ്യാപിക

ശ്രീമതി എൻ.സുജ

# പ്രണതി

"പ്രണതി" ഇത് വി. സി. എസ്. എച്ച്. എസ്. എസ്സിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ ആദ്യ സംരംഭം. സാങ്കേതികവിദ്യയുടെ പ്രായോഗിക പരിശീലനത്തിലൂടെ കൈവരിച്ചശേഷികൾ നിങ്ങൾക്കരികിലേക്ക് അവതരിപ്പിക്കുന്നതിനായൊരു എളിയ ശ്രമമാണ് ഈ ഡിജിറ്റൽ മാഗസിൻ. ഇതൊരു തുടക്കം മാത്രമാണ്. ഞങ്ങൾക്ക് പ്രചോദനമായി നിങ്ങളെല്ലാവരുടെയും പ്രോത്സാഹനം പ്രതീക്ഷിച്ചുകൊണ്ട്.............

എഡിറ്റർ

## പ്രണതി



ലിറ്റിൽ കൈറ്റ് അംഗങ്ങൾ

# പ്രണതി

## പ്രണതിയുടെ പുറകിൽ

- അപർണ്ണാ റാണി
- അമർജിത്ത്
- ശ്രീലക്ഷ്മി
- അവന്തിക
- വിസ്മയ
- ആദിത്യ
- ജീസ്
- ദേവീനന്ദന
- പൗളീന ടോൺസി
- ഫാൻസി
- പ്രിയനന്ദന
- സമീര

*വി സി എസ് എച്ച് എസ് എസ്*


## താളുകളിലൂടെ

1. വെളിച്ചം തേടി
2. ചിത്രം
3. സന്ധ്യ
4. പ്രളയാനന്തരം
5. സ്വപ്നം
6. കാർട്ടൂൺ
7. ഓർമ്മയുടെ നാളുകളിൽ
8. ചിത്രം
9. സൗഹൃദം
10. ഗുരുത്വം ശരശയ്യയിൽ
11. ചിത്രം
12. കവിത (Endless crisis)
13. നഷ്ടം

# വെളിച്ചം തേടി.....

*അഖിൽ മാർട്ടിൻ*

ആ ചുവന്ന പൂവിന്റെ സുഗന്ധം അവൾ അറിഞ്ഞു. സൂര്യൻ മറഞ്ഞു പോയിരുന്നു. സമയം രാത്രി ഏഴിലേക്ക് അടുത്തിരുന്നു. ഇളം കാറ്റിൽ അവൾ മണ്ണിന്റെ ഗന്ധം അറിഞ്ഞു. പെട്ടന്നൊരു ശബ്ദം കേട്ടവൾ ഭീതിയോടെ തിരിഞ്ഞുനോക്കി. “അമ്മയായിരുന്നൊ? ഞാൻ പേടിച്ച് പോയി ,എന്താ അമ്മേ കാര്യം" അവൾ ചോദിച്ചു. “എന്തിനാ ഇരുട്ടത്ത് നിൽക്കണെ , കേറിവാ , വല്ലതും വന്നിരുന്ന് പഠിക്ക് " അമ്മ പറഞ്ഞു. വിഷമത്തോടെയാണെങ്കിലും അവൾ പഠിക്കാൻ ബുക്ക് തുറന്നു! പെട്ടന്നായിരുന്നു കറണ്ട് പോയത്. ആകെ നിശബ്ദത മെഴുകുതിരി തിരഞ്ഞ അമ്മ ചെറുതായി ഒന്നു വീണു. അവളോടിച്ചെന്ന് അമ്മയെ താങ്ങിപ്പിടിച്ച് എഴുന്നേൽപ്പിച്ചു.എന്നിട്ടവർമെഴുകുതിരി കത്തിച്ചു പഠിക്കാനാരംഭിച്ചു. പുസ്തകത്തലെ ഓരോ അക്ഷരങ്ങൾക്കും എന്തോ എന്നോട് പറയാനുണ്ടെന്ന് അവൾക്ക് തോന്നി. ഇരുട്ടിൽ അറച്ചുനിന്ന വെളിച്ചത്തിൽ ഓരോ വാക്കും ഉരുവിടാൻ തുടങ്ങി. മെഴുകുതിരിവെട്ടം തേടി കുറച്ച് പ്രാണികൾ വരുന്നത് അവൾ കണ്ടു.



കറുത്തനിറമുള്ള പ്രാണിയെ കണ്ണു ചിമ്മാതെ അവൾ ശ്രദ്ധിച്ചു. അപ്പോഴേക്കും അത് പറന്നിറങ്ങിയിരുന്നു.തീ നാളത്തിന്റെ പൊള്ളലേറ്റ് ആ പ്രാണി വീണു. ജീവനുവേണ്ടി കിടന്നു പിടഞ്ഞു. ഒരു നിമിഷത്തിനകം ആ പ്രാണി വീണ്ടും തന്റെ ചിറകുകൾ ചലിപ്പിക്കാൻ തുടങ്ങി. പ്രാണി എങ്ങോട്ടോ പറന്നുപോയി. അവൾ പുസ്തകമടച്ചു. പ്രാണി എവിടെ പോയെന്ന് അവൾ ചിന്തിച്ചു. വീണ്ടും അവൾ പുസ്തകം തുറക്കാൻ തുടങ്ങുമ്പോഴേക്കും ആ കറുത്ത നിറമുള്ള പ്രണി എവിടെനിന്നോ വീണ്ടും പറന്നുവന്നു , സുഖമാകുന്ന വെളിച്ചം തേടി! അവൾക്ക് സന്തോഷമായി. തീരാത്തത്ര സന്തോഷം. വീണ്ടും അത് മെഴുകുതിരിയുടെ വെളിച്ചത്തിനുചുറ്റും പറന്നു. തീ നാളത്താൽ പൊള്ളലേറ്റ് നിലത്ത് വീണ് പിടഞ്ഞു. ആ പിടച്ചിലിൽ പ്രാണിയുടെ ശ്വാസം നിലച്ചു. ബൾബുകൾ മിന്നി, പ്രകാശം പരന്നു. പുസ്തകമെടുത്ത് അവൾ തന്റെ കട്ടിലിൽ ചെന്നുകിടന്നു. കണ്ണടയ്ക്കാൻ ശ്രമിച്ചിട്ടും കഴിയുന്നില്ല. ഉറക്കം തന്നിൽനിന്നുമകന്നിരിക്കുന്നുവെന്ന് അവൾ ചിന്തിച്ചു. എന്തിനാ, ആ പ്രാണി വീണ്ടും വീണ്ടും വെളിച്ചത്തിലേക്ക് കുതിച്ച് ചാടുന്നത്, സുഖം തേടിയലയുന്ന മനുഷ്യനെപ്പോലെ.....


VIDHYA K.V
X-B

# സന്ധ്യ

*അഞ്ജു ചന്ദ്രബോസ്*

ദൂരെ പറവകൾ പറന്നകലുന്നു
മേയുന്ന പൈക്കൾ യാത്രയായി
മുറ്റത്തെ കൊച്ചുതേന്മാവിന്നിലകൾ
തമ്മിലെന്തോ അടക്കം പറഞ്ഞിടുന്നു
വിരുന്നെത്തിയ ഉച്ചചൂടുകാറ്റ്
യാത്രാമൊഴി ചൊല്ലി
ഇത്രനേരം പ്രഭചൊരിഞ്ഞ ദീപം
ഇപ്പോൾ സ്വയമണഞ്ഞുപോയി
തിരികെ പോയ കാറ്റിൻ കൈയ്യിൽ നിന്നും
കുങ്കമച്ചെപ്പ് മറിഞ്ഞുപോയൊ?
വാനം നിറയെ കുങ്കമവർണ്ണം!

# പ്രളയാനന്തരം.....

*ഇന്ദുജ ടി.*

ഇടമുറിയാതെ പെയ്ത മഴയിൽ മുറ്റത്ത് കെട്ടിനിന്ന വെള്ളത്തിൽ നോക്കിനിന്നപ്പോൾ കൗതുകമാണ് ആദ്യം വന്നത്.ആ കൗതുകം പിന്നീട് ഉള്ളുലയ്ക്കുന്ന ഭയമായ് മാറിയത് വളരെ പെട്ടെന്നായിരുന്നു.പ്രിയപ്പെട്ട പുസ്തകങ്ങളും കയ്യിൽ കിട്ടിയ മറ്റെന്തൊക്കെയോ വാരിപ്പിടിച്ച് ജീവനുംകൊണ്ട് രക്ഷാകേന്ദ്രങ്ങളിലേക്ക് പാഞ്ഞു.ക്യാമ്പുകളിലെത്തിയപ്പോളാണ് പ്രളയക്കെടുതിയുടെ വിസ്തൃതി മനസ്സിലായത്.ആയിരക്കണക്കിന് ആളുകൾ എനിക്കുമുമ്പേ അവിടെയെത്തിയിരിക്കുന്നു! പുത്തൻവേലിക്കരയിലെ മൊത്തം ജനങ്ങളും ഉയർന്ന പ്രദേശത്തുള്ള ക്യാമ്പുകളിലേക്ക് മാറ്റപ്പെട്ടു.എല്ലാം നഷ്ടപ്പെട്ടവരുടെ രോദനവും സങ്കടവും അവിടെ അലയടിച്ചു.സമ്പന്നരും ദരിദ്രരും ഒരുപോലെ ദുഖാർത്തരായി.ഒരാഴ്ചയിലധികം ക്യാമ്പിൽ നിൽക്കേണ്ടതായി വന്നു.അഞ്ചാം ദിവസം വെള്ളമിറങ്ങിയപ്പോൾ കണ്ട കാഴ്ച ഹൃദയഭേദകമായിരുന്നു .കറുത്ത ചെളിയിൽ പുതഞ്ഞിരിക്കുന്ന പുത്തൻവേലിക്കര ഗ്രാമം.റോഡുകളിലും കടകളിലുമെല്ലാം മുട്ടറ്റം ചെളി.ഇഴജന്തുക്കളുടെ ശല്യം.വീടാണെങ്കിലോ കണ്ടുനിൽക്കാൻ പറ്റാത്ത അത്രയ്ക്ക് സങ്കടകരമായ അവസ്ഥയിൽ,ചെളിനിറഞ്ഞ്,എല്ലാ ഉപകരണങ്ങളും ചെളിവെള്ളത്തിൽ മുങ്ങി,ദുർഗന്ധവും നിറഞ്ഞ്,.....ഉത്തരത്തിനൊപ്പം വെള്ളം പൊങ്ങിയ വീട്ടിൽ എന്തവശേഷിക്കാൻ?



പിന്നീടങ്ങോട്ട് അതിജീവനത്തിന്റെ നാളുകളായിരുന്നു.ദിവസങ്ങൾ നീണ്ട പരിശ്രമങ്ങൾക്കൊടുവിൽ വീടും പരിസരവും വൃത്തിയാക്കി.സുമനസ്സുകൾ നൽകിയ ആഹാരവും വെള്ളവും വസ്ത്രവും കൊണ്ട് ജീവിതത്തിലേക്ക് തിരിച്ചെത്തി.സ്കൂളിന്റെ അവസ്ഥയും മറ്റൊന്നായിരുന്നില്ല.സന്നദ്ധസംഘടനകളുടെയും മറ്റു സുമനസുകളുടെയും സഹായത്താൽ സ്കൂൾ വൃത്തിയാക്കി. പൂർണ്ണമായും നഷ്ടപ്പെട്ട ലൈബ്രറി,ലാബ്,പഠനോപകരണങ്ങൾ ഇവ പതുക്കെ വീണ്ടെടുത്തു തുടങ്ങി.ഇതിനെല്ലാത്തിനും സഹായകമായത് ഈശ്വരനയച്ചതെന്ന് കരുതുന്ന നന്മ നിറഞ്ഞ കുറെ മനുഷ്യരാണ്.അവരുടെ കൈത്താങ്ങോടെ ഞങ്ങൾ ജീവിതത്തിലേക്ക് പിച്ചവെച്ചുനടക്കുകയാണ്,മനസ്സുനിറയെ അവരോടൊക്കെയുള്ള നന്ദിയോടെ,സ്നേഹത്തോടെ........







# സ്വപ്നം

അതുല്യ ബിജു

ഇന്നലെ കണ്ടൊരു സ്വപ്നത്തിൽ ഞനൊരു
ആകാശദീപമായ്  മാറി
എന്നും നിലാവുള്ള രാത്രിതൻ മാറിൽ
തലചായിച്ചുറങ്ങാനൊരു മോഹം
അമ്പിളിക്കല വന്നെന്റെ ചാരെ
തൊട്ടുവിളിക്കുന്നു എന്നിലെ കുഞ്ഞുപൈതലേ...
ഭൂമിയിൽ നിന്നങ്ങു മാറി ഞാനൊരു
ആകാശവാനിൽ കരേറി
വെള്ളമേഘത്തിൽ, തിളങ്ങുന്ന തുമ്പിൽ
തുള്ളി തുളുമ്പി രസിച്ചുഞാനും
പൊന്നുഷസ്സിന്റെ രശ്മികൾ കവിളിൽ തലോടി...
സ്വപ്നത്തിൽനിന്നും ഉണർത്തിയെന്നെ!
എവിടെ ഞാൻ കണ്ട സുന്ദര ചിത്രങ്ങൾ
എല്ലാം മറഞ്ഞുപോയ് മാഞ്ഞുപോയ്
എങ്കിലുംമെന്നകതാരിൽ ഊർജ്ജമായ് ദീപമായ്
അണയാതെ മായാതെ തങ്ങിനിൽക്കും....

പ്രണതി



ഇവിടെ മാലിന്യം
നിക്ഷേപിക്കുന്നത്
ശിക്ഷാർഹമാണ്
2018
2017
2003
2005
2006
2004
2013
2016
2001
2009
2007
2008
2015
2014
2010
1999
1997
AMARJITH.N.S IX.B

# ഓർമ്മയുടെ താളുകളിൽ

*മരിയ സെബാസ്റ്റ്യൻ*

ഒരു മഴക്കാലം. അത് ഇന്നും എന്റെ മനസ്സിൽ മായാത്ത ഓർമയായി അവശേഷിക്കുന്നു .ഞാൻ രണ്ടാം ക്ലാസിൽ പഠിക്കുന്ന കാലം.. സ്കൂൾ തുറന്നിട്ടേയുള്ളൂ. അന്ന് മഴക്കാലത്തിന്റെ ആരംഭം കുറിച്ചു കഴിഞ്ഞിരുന്നു..

ഞങ്ങൾ സ്കൂളിലേക്ക് പോകുന്നതിനുമുമ്പ് വീടിന്റെ മുന്നിലെ പാടത്തിലേക്ക് ഒന്നു കണ്ണോടിച്ചു. അപ്പോൾ അധികം വെള്ളം നിറഞ്ഞിരുന്നില്ല. തിരികെ വന്നപ്പോഴോ അതാ വീട്ടിലേക്ക് പോകുന്ന വഴിയും പറമ്പുമെല്ലാം വെള്ളം കയറി മുങ്ങിയിരിക്കുന്നു. കൂടാതെ ഞങ്ങളുടെ പാടവും. അപ്പോഴേക്കും എന്റെ അപ്പച്ചനും ഒരു ചേട്ടനും കൂടി വന്ന് ഞങ്ങളെ ഒരു വഞ്ചിയിൽ കയറ്റിവീട്ടിലേക്ക് കൊണ്ടുപോയി. ഞങ്ങളുടെ പറമ്പും മുങ്ങിയിരിക്കുന്ന കാഴ്ച ഞങ്ങളെ അത്ഭുതപ്പെടുത്തി. വൈകുന്നേരമായപ്പോൾ ഞങ്ങൾ പറമ്പിലെ വെള്ളത്തിൽ ഇറങ്ങാൻ ഭാവിച്ചെങ്കിലും അമ്മ സമ്മതിച്ചില്ല. അപ്പോഴാണ് എന്റെ അപ്പച്ചൻ മീൻപിടിക്കാനിറങ്ങിയത്. ഞങ്ങൾ അപ്പച്ചനോടൊപ്പം കൂടി. പെട്ടന്ന് എന്തോ ചൂണ്ടയിൽ കൊളുത്തി. പൊക്കിനോക്കിയപ്പോൾ ഒരു പാമ്പ്. അമ്മയും വല്യമ്മച്ചിയും പേടിച്ചോടി. അത് മലിഞ്ഞീൻ എന്ന മീനാണെന്ന് അപ്പച്ചനാണ് പറഞ്ഞത്. കുറച്ചുകഴിഞ്ഞ് ഞങ്ങൾ അമ്മയും വല്യമ്മച്ചിയുമൊത്ത് വെള്ളത്തിലിറങ്ങി. ഞങ്ങളുടെ രണ്ട് ഊഞ്ഞാൽ വെള്ളത്തിൽ മുങ്ങിക്കിടന്നിരുന്നു. എന്റെ വല്യമ്മച്ചി അതിലിരുന്നാടി. പെട്ടന്ന് കയറുപൊട്ടി വല്യമ്മച്ചി വെള്ളത്തിൽ വീണു. ഈ ഓർമ്മകൾ ഞങ്ങളെ ഒരിക്കലും വിട്ടുപോകില്ല.


ജിനോയ്
10B

# സൗഹൃദം

*ജ്വാല പി.ടി*

ലഘുലേഖനം

സാമൂഹിക ജീവിയായ മനുഷ്യന്റെ വളരെ പ്രധാനപ്പെട്ട ഒരാവശ്യമാണ് സൗഹൃദം. ജീവിതമാകുന്ന പുഷ്പത്തിന് സുഗന്ധം പോലെയാണ് സൗഹൃദം. അത് ജീവിതത്തെ ആസ്വാദ്യകരമാക്കുന്നു. അനേകം സുഹൃത്തുക്കളെ സമ്പാദിക്കാനും സൗഹൃദം പങ്കുവെയ്ക്കാനും വിദ്യാലയത്തിൽനിന്ന് അവസരം ലഭിക്കുന്നു. വിവിധ വീടുകളിൽനിന്ന് വിദ്യാലയത്തിൽ ഒരുമിച്ചുചേരുന്ന നമ്മളെല്ലാം നമുക്ക് ഇണങ്ങുന്നവരെയാണ് കൂട്ടുകാരായി തിരഞ്ഞെടുക്കുന്നത്. സൗഹൃദത്തിനിടയിൽ ഒരുപാട് പിണക്കങ്ങളും ഇണക്കങ്ങളും ഉണ്ടാകും.

ബ്രൂസ്ബട്ടൺ എന്ന ചിന്തകൻ പറയുന്നതുപോലെ പെട്ടെന്ന് പൊട്ടിത്തകരാവുന്ന ഒരു പളുങ്കുപാത്രമാണ് ചങ്ങാത്തം. തെറ്റിദ്ധാരണകൊണ്ടോ, അസൂയനിമിത്തമോ, സ്വാർത്ഥത മൂലമോ, സുഹൃത്തുക്കളെ നാം നഷ്ടപ്പെടുത്തരുത്. തെറ്റുകൾ ക്ഷമിക്കാനും, ദേഷ്യപ്പെടാനും, വഴക്കുപറയാനും, എല്ലാത്തിനുമൊടുവിൽ വിദ്യാലയത്തിൽനിന്ന് പടിയിറങ്ങുമ്പോൾ കരയാനും ഒരു പുഞ്ചിരിയിൽ തെറ്റുകൾ ക്ഷമിക്കാനും കഴിയുന്നതാണ് സൗഹൃദം.

# ഗുരുത്വം, ശരശയ്യയിൽ

*ജോതി ലക്ഷ്മി. കെ. കെ (അദ്ധ്യാപിക,മലയാളവിഭാഗം)*


കാലത്തിന്നിപ്പുറം നിന്ദയുടെ ശരം
തൊടുക്കുന്ന ധൃഷ്ടധ്യുമ്നരായവർ
നേരായ മാർഗ്ഗം തെളിയിക്കുന്ന ഗുരുവിനെ
മറുപേരുകെളറിഞ്ഞും ക്ലോറിൻ മണക്കുന്ന
ചിത്രം വരച്ചും തകർത്തും പകയുടെ ധാർഷ്ട്യം
തീർത്തു ഉന്മാദലഹരി നുണയുന്നവൻ...
മുന്നവർ നേരെ ചോരത്തിളപ്പിന്റെ
ചോദ്യശരങ്ങൾ തൊടുക്കുന്നു:
നൈമിഷിക സുഖം തേടുന്ന(കപട) പ്രണയങ്ങൾ
വിനോദയാത്രയിലെ മദിര വേളകൾ
വിസ്തരിച്ചെന്തിനു തത്രപ്പെടണം?
ഉന്മാദ രഹസ്യങ്ങൾക്ക് മാധ്യസ്ഥരാകാതെ
നിർബന്ധബുദ്ധിയാലെ പഠിപ്പിച്ചമർത്തുന്നതെന്തിനീ
പാഠപുസ്തക കോമാളിത്തങ്ങൾ
മുടിയേറ്റും കാൽശരായി തെയ്യവുമാടിക്കാതെ
അച്ചടക്കത്താലെല്ലാം അടിച്ചമർത്തുന്നതെന്തിന് ?
പ്രശ്നപരിഹാരക്രിയ്യയാൽ
വൈകാരിക സാമൂഹിക ബന്ധനത്താൽ
ഗുരുത്വമിന്നുശരശയ്യയിൽ.....


ജിനോയ് 10B

# *Endless crisis*

by Somith Varghese (English Teacher)

World heterogeneous mixture
Impossible to separate it
Strugglers and Struggles never ends
In the instances something may rots
or profuse mild fragrance....
The worst the world wish always
Crisis! Crisis, The world wants
wishers puts to an end
Alas! but fails,
The undigest survives,the universal law
Still struggles for a glow of hop!



# നഷ്ടം

ഷേർളി കെ.എ (സയൻസ്അദ്ധ്യാപിക)

നഷ്ടമാകുന്നു, തറവാടുകൾ

നഷ്ടമാകുന്നു, കലപിലകൾ തൻ പ്രതിഫലനം

നഷ്ടമാകുന്നു, കല്യാണക്കച്ചേരികൾ

നഷ്ടമാകുന്നു, പൈതൃക വാമൊഴികൾ

നഷ്ടമാകുന്നു, തൊടിയിലെ വസന്തങ്ങൾ

നഷ്ടമാകുന്നു, പറന്നുല്ലസിക്കുന്നൊരാ പൂമ്പാറ്റകൾ

നഷ്ടമാകുന്നു, നിശാപുഷ്പങ്ങൾ തൻ ഗന്ധവും

നഷ്ടമാകുന്നു, തൊടിയിലെ പൂങ്കുരുവികൾ

നഷ്ടമാകുന്നു, സ്വർഗതുല്യമാം ബാല്യകാലങ്ങൾ

നഷ്ടമാകുന്നു, യൗവ്വന അനുരാഗകാഴ്ചകൾ

നഷ്ടമാകുന്നു, മഹത് ജനനങ്ങൾ

നഷ്ടമാകുന്നു, ഈ വിശാലമാം ലോകവും



കുട്ടനാടിനൊരു കൈത്താങ്ങ്- വി സി എസ് എച്ച് എസ് എസ്









വാർഷികാഘോഷത്തിലൂടെ....





## നന്ദി.......

- സഹകരിച്ചവരോട്
- പ്രോത്സാഹിപ്പിച്ചവരോട്
- തെറ്റുകൾ തിരുത്തിത്തന്നവരോട്